## 12. ലേൺ ദ ഖുർആൻ.

സൗദി ഇന്ത്യൻ ഇസ്ലാഹി സെൻറർ നടപ്പിലാക്കിവരുന്ന ഖുർആൻ പഠന പദ്ധതിയാണിത്. ഈ വർഷം കാഴ്ച പരിമിതർക്ക് വേണ്ടി ഈ പദ്ധതി നടപ്പിലാക്കുകയും നിരവധി പേർ പരീക്ഷയിൽ പങ്കാളികളാവുകയും ചെയ്തിട്ടുണ്ട്.

## 13. മൊഴി ടോക്കിംഗ് ബുക്ക് ലൈബ്രറി

3000 ശ്രവ്യ പുസ്തകങ്ങളാണ് ഈ ലൈബ്രറിയിൽ ലഭ്യമായിട്ടുള്ളത്. മുകളിൽ സൂചിപ്പിച്ചത് റിവാഡിൻറെ ചില പ്രവർത്തനങ്ങൾ മാത്രമാണ്. സാധാരണ യായി നടത്തിവരുന്ന ക്ലാസുകൾ, റിലീഫ് പ്രവർത്തനങ്ങൾ, മറ്റു പരിശീലന പരിപാടികൾ തുടങ്ങിയവക്ക് പുറമെയാണ് ഇത്. ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഏറെ പണച്ചെലവ് ഉ ന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ, ഏകദേശം ഒരു കോടിയോളം രൂപ പ്രതിവർഷം ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്. അല്ലാഹുവിൻറെ പ്രീതി ആഗ്രഹിച്ചുകൊണ്ട് വ്യക്തികൾ നൽകുന്ന വലുതും ചെറുതുമായ സംഭാവനകളാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഞങ്ങൾക്ക് കഴിയുന്നത്. ഈ അവസരത്തിൽ താങ്കൾക്ക് ഞങ്ങളെയും ഈ സഹോദരങ്ങളേയും അകമഴിഞ്ഞ് സഹായിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു . നാളെ പരലോകത്ത് അവരുടെ കേൾക്കാത്ത കാതും ചലിക്കാത്ത നാവും കാണാത്ത കണ്ണും ഞങ്ങളെ ഇവർ ഒന്നും പഠിപ്പിച്ചിട്ടില്ല എന്ന് നമുക്കെതിരെ സാക്ഷി പറയാതിരിക്കാൻ നമുക്ക് മനസ്സ് തുറക്കാം.

നൽകാൻ കഴിയുന്നതിന്റെ പരമാവധി അവർക്കായി നൽകാം അല്ലാഹു അനുഗ്രഹിക്കട്ടെ ഈ സംഭാവന നാളെ ജന്നാത്തിലേക്കുള്ള വഴിയാകട്ടെ, ആമീൻ

പ്രസിഡൻറ് ജനറൽസെക്രട്ടറി

### മറ്റു പ്രധാന പ്രവർത്തനങ്ങൾ

**REWAD CARRIER AND PLACEMENT CELL** സർക്കാർ അർദ്ധസർക്കാർ സ്വകാര്യ തൊഴിൽ മേഖലകളിൽ ഭിന്നശേഷിക്കാരെ ജോലി ചെയ്യാൻ പ്രാപ്തരാക്കുന്ന പദ്ധതി.

**REWAD SELF HELP GROUP**
ഭിന്നശേഷിക്കാരെ സ്വയം തൊഴിൽ ചെയ്യാൻ ആവശ്യമായ പരിശീലനം നൽകി അതിന് അവരെ പ്രാപ്തരാക്കുന്ന ഒരു പദ്ധതിയാണിത്. ഇതുവഴി അവർ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ വിപണനം ചെയ്യാനും അതുവഴി ജീവിത വരുമാനം മെച്ചപ്പെടുത്താനും അവരെ പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

**HOME MANAGEMENT PROGRAM FOR VISUALLY IMPAIRED**
കാഴ്ച പരിമിതിയുള്ളവരെ ഗൃഹപരിപാലനത്തിന് പ്രാപ്തരാക്കുന്ന പദ്ധതിയാണിത്.

**QHLS (QURAN AND HADITH LEARNING SCHOOL FOR BLIND AND DEAF )** കാഴ്ച കേൾവി പരിമിതിയുള്ളവരെ ഖുർആനും ഹദീസും പഠിപ്പിക്കുന്ന സംരംഭം

**BIT ( BASIC ISLAMIC TRAINING FOR STUDENTS WITH VISUALLY AND HEARING IMPAIRED ).** കാഴ്ച കേൾവി പരിമിതർക്ക് ഇസ്ലാമിൻറെ അടിസ്ഥാന കാര്യങ്ങളിലുള്ള പരിശീലനം, സുകൃതം കുടുംബ സംഗമം, ഭിന്നശേഷിക്കാരുടെ വൈവാഹിക ജീവിതത്തിന് ഒരു കൈത്താങ്ങ്

Account No : 00000042515854559
IFS Code : SBIN0070561
Name : REWAD
UPI ID : rewadknm.368@sbi














Rewad
Rehabilitation Education And Welfare Activities for Differently Abled

# റിവാഡ് ഫൗണ്ടേഷൻ

**Rehabilitation Education & Welfare Activities for Differently Abled**

Regd No. KKD/CA/363/2023
BUILDING NUMBER : 25/397A.

Chaliyil, Kacherikunnu, p.o Pokkunnu
Pin : 673007, KOZHIKODE 99 47 800 764,
OFFICE : 04952 081429, 9895 610 764 ( For HI )



സഹോദരങ്ങളെ,

മനുഷ്യൻ... അനന്തസാധ്യതകളുടെ മഹാത്ഭുതമായിട്ടാണ് അല്ലാഹു നമ്മെ സൃഷ്ടിച്ചിട്ടുള്ളത്. തനിക്ക് ചുറ്റുമുള്ള എല്ലാ കാര്യങ്ങളെയും കുറിച്ച് പഠിക്കാനും അത് പ്രയോഗവൽക്കരിക്കാനുമുള്ള വിശേഷ ബുദ്ധി അല്ലാഹു മനുഷ്യനു നൽകിയിട്ടുണ്ട്. എന്നാൽ ഈ സമൂഹത്തിൽ ജീവിക്കുന്ന ചിലരുണ്ട്. തന്റേതല്ലാത്ത കാരണങ്ങളാൽ ശാരീരികവും മാനസികവുമായ ചില അവശതകൾ അനുഭവിക്കേണ്ടിവന്നവർ.

കാഴ്ച പരിമിതർ, കേൾവി സംസാര പരിമിതിഉള്ളവർ, അസ്ഥി സംബന്ധമായ വെല്ലുവിളി നേരിടുന്നവർ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങി നിരവധിയായ നമ്മുടെ സഹോദരങ്ങൾ പരിമിതികൾ മൂലം സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ ഭിന്നശേഷിക്കാരായ ഇത്തരം സഹോദരങ്ങളെ ചേർത്തുപിടിച്ചു അവർക്ക് ധാർമികവും ഭൗതികവുമായ അറിവ്നൽകി അവർ ജീവിക്കുന്ന സമൂഹത്തോടൊപ്പം തന്നെ ജീവിക്കാൻ അവരെ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്ന ഒരു കൂട്ടായ്മയാണ് റിവാഡ് ഫൗണ്ടേഷൻ.

കണ്ടും കേട്ടും സ്പർശിച്ചും തൻറെ ചുറ്റുപാടുകളെ മനസ്സിലാക്കാൻ കഴിവുള്ള ഈ സമൂഹത്തെ അവരുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി അവർക്ക് അറിവ്പകർന്നു നൽകുക എന്നതാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്.

പിന്നിട്ട നാൾവഴികളിൽ ഇത്തരം പ്രവർത്തനങ്ങൾ വളരെ വിജയകരമായി നടപ്പിലാക്കാനും നിരവധി പേരെ ജീവിത വഴിയിലേക്ക് തിരിച്ചു കൊണ്ടുവരുവാനും നമുക്ക് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് എല്ലാം പൂർണ്ണ പിന്തുണ അർപ്പിച്ചുകൊണ്ട് പൊതുസമൂഹം നമ്മോട് ചേർന്നുനിൽക്കുന്നു എന്നുള്ളതാണ് ഇത്തരം പ്രവർത്തനങ്ങളുടെ വിജയത്തിന് ആ ധാരമായിട്ടുള്ളത്. അല്ലാഹുവിന്റെ പ്രീതി മാത്രം ആഗ്രഹിച്ചുകൊണ്ട് സു മനസ്സുകൾ ആയ സഹോദരങ്ങൾ ചെയ്തുവരുന്ന ഇത്തരം പുണ്യ പ്രവർത്തനങ്ങൾക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

നമുക്ക് ഇനിയും നിരവധി പ്രവർത്തനങ്ങൾ ചെയ്യാനുണ്ട്, തുടങ്ങി വെച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്, ഈ പ്രവർത്തനങ്ങൾക്കാവശ്യമായ സർവ്വപിന്തുണയും സഹായസഹകരണവും തുടർന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

## 1. വിശുദ്ധ ഖുർആൻ വിവരണം ഓഡിയോ പതിപ്പ്

കാഴ്ച പരിമിതരായ സഹോദരങ്ങൾക്ക് ഖുർആൻ അർത്ഥസഹിതം പഠിക്കുന്നതിനും അവ ഉൾക്കൊണ്ട് ജീവിതവിജയം കരസ്ഥമാക്കുന്നതിനും വേണ്ടി മുഹമ്മദ് അമാനി മൗലവിയുടെ ഖുർആൻ തഫ്സീർ ശബ്ദ രൂപത്തിലേക്ക്മാറ്റി വരികയാണ്. ഇതുവരെയായി 9 ജൂസ്അ്കൾ ഓഡിയോ പതിപ്പാക്കി മാറ്റിയിട്ടുണ്ട്. ഖുർആൻ പൂർണ്ണമായും ശബ്ദ രൂപത്തിലേക്ക് മാറ്റി കാഴ്ച പരിമിതർക്ക് ഖുർആൻറെ വെളിച്ചം പകർന്നു നൽകുക എന്ന മഹത്തായ ഉദ്യമത്തിൽ ആണ് നാമിപ്പോൾ ഉള്ളത്.

## 2. കാതോരം ശ്രവ്യ മാസിക

വിജ്ഞാനം സമ്പാദിക്കുന്നതിന് വായന അനിവാര്യ ഘടകമാണ്. എന്നാൽ കാഴ്ച പരിമിതരായ സഹോദരങ്ങൾക്ക് വായനയുടെ അഭാവം സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കുന്നതിന് വേണ്ടി ഊർജ്ജിതമായ പരിശ്രമങ്ങളാണ് റിവാഡ് നടത്തിവരുന്നത്. ഇസ്ലാമിക ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ ലേഖനങ്ങളും മറ്റും ശബ്ദ രൂപത്തിൽ ആക്കി കാതോരം എന്ന പേരിൽ മാസികയായി പ്രസിദ്ധീകരിക്കുന്നു. നിരവധി കാഴ്ച പരിമിതരാണ് ഈ മാസിക ഉപയോഗപ്പെടുത്തി വരുന്നത്. കാതോരം ശ്രവ്യ മാസികയെ അടിസ്ഥാനമാക്കി മൂന്ന് മാസത്തിലൊരിക്കൽ ഒരു പ്രശ്നോത്തരി സംഘടിപ്പിക്കുകയും അതിലെ വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകി വരികയും ചെയ്യുന്നു.

## 3. ഖുർആൻ വിജ്ഞാന പരീക്ഷ

ഖുർആൻ പഠിക്കുന്നതിന് ഭിന്നശേഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഓരോ വർഷവും ഖുർആൻ വിജ്ഞാന പരീക്ഷ നടത്തിവരുന്നു. ഇതിലെ വിജയികൾക്ക് ഉംറ ഉൾപ്പെടെ ആകർഷകമായ സമ്മാനങ്ങളാണ് നൽകി വരുന്നത്. കേരളത്തിൽ ആദ്യമായി കേൾവി പരിമിതർക്കുള്ള ഖുർആൻ വിജ്ഞാന പരീക്ഷയും ഈ സംവിധാനത്തിന് കീഴിൽ നടത്താൻ സാധിച്ചു.

## 4. ആംഗ്യ ഭാഷയിലുള്ള ഖുർആൻ വിവരണം, പാഠപുസ്തകങ്ങൾ

കേൾവി എന്നാൽ അറിവിൻറെ വലിയ സ്രോതസ്സാണ്. എന്നാൽ കേൾവി പരിമിതരായ നമ്മുടെ സഹോദരങ്ങൾക്ക് അവരുടെ ഭാഷയിൽ അഥവാ ആംഗ്യ ഭാഷയിൽ ഇസ്ലാമിക വിജ്ഞാനം പകർന്നു നൽകാൻ നാളിതുവരെ കാര്യമായ ശ്രമം നടന്നിട്ടില്ല എന്നതാണ് വാസ്തവം. ഈ ദുരവസ്ഥ മറികടക്കാനായി കേൾവി പരിമിതർക്കായി വിശുദ്ധ ഖുർആനും, മദ്രസ പാഠപുസ്തകവും ആംഗ്യഭാഷയിൽ തയ്യാറാക്കി വരികയാണ്. അഞ്ചു സൂറത്തുകളും മദ്രസ പാഠപുസ്തകങ്ങളിലെ നിരവധി അധ്യായങ്ങളും ഇപ്പോൾ ആംഗ്യഭാഷ വീഡിയോകളായി പുറത്തിറങ്ങിയിട്ടുണ്ട്. ഇവ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിന് വേണ്ടി The Holy Sign Path എന്ന പേരിൽ ഒരു യൂട്യൂബ് ചാനലും ഉണ്ട്.

## 5. റിവാഡ് പെൻഷൻ സ്കീം ( RPS )

തീവ്ര ഭിന്നശേഷിക്കാരായ 120 സഹോദരങ്ങൾക്ക് മാസംതോറും 1200 രൂപ പെൻഷൻ നൽകിവരുന്നു. കിടപ്പുരോഗികൾ ഉൾപ്പെടെയുള്ള അതി തീവ്ര ഭിന്നശേഷിക്കാരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേ ി നമ്മളോട് സഹകരിക്കുന്ന നിസ്വാർത്ഥ സേവകരായ സ്പോൺസർമാർക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

## 6. കേൾവി പരിമിതർക്കുള്ള പി.എസ്.സി കോച്ചിംഗ്

സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ കേൾവി പരിമിതരായ ആളുകൾക്ക് ജോലി ലഭിക്കുക എന്നത് ഏറെ ശ്രമകരമാണ് . ഇതിനൊരു പരിഹാരമാണ് നമ്മൾ നടപ്പിലാക്കിവരുന്ന കേൾവി പരിമിതർക്കുള്ള പിഎസ് സി കോച്ചിംഗ്. 25 വിദ്യാർത്ഥികളുമായി ആരംഭിച്ച കോച്ചിംഗ് ക്ലാസ് വ്യവസ്ഥാപിതമായ രീതിയിൽ നടന്നുവരികയാണ്. ഇനിയുള്ള പിഎസ്സി പരീക്ഷകളിൽ ഇവർക്ക് ആത്മവിശ്വാസത്തോടെ പങ്കെടുക്കാനും ഉന്നതമായ വിജയം കരസ്ഥമാക്കാനും അതുവഴി സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ ജോലി നേടാനും സാധിക്കും എന്ന കാര്യത്തിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്.

## 7 . ഹാർട്ട് ടു ഹാർട്ട് ഗൃഹസമ്പർക്ക പദ്ധതി

തീവ്ര വൈകല്യത്തോടൊപ്പം മാരകമായ രോഗങ്ങൾ ബാധിച്ചും അതി ദരിദ്രരായി വീടുകളിൽ കഴിഞ്ഞുകൂടുന്ന ഭിന്നശേഷിക്കാരായ സഹോദരങ്ങളെ വീടുകളിൽ എത്തി സന്ദർശിക്കുകയും അവർക്ക് ആവശ്യമായ പിന്തുണയും സഹായവും നൽകുന്ന ഒരു പദ്ധതിയാണ് ഇത്. ഈ കഴിഞ്ഞ വർഷം ഇതുവഴി നിരവധി കുടുംബങ്ങളെ സമാശ്വസിപ്പിച്ച് ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

## 8. സൽസബീൽ ടോക്കിംഗ് ബുക്ക് ലൈബ്രറി.

കാഴ്ച പരിമിതർക്ക് ഇസ്ലാമിക വായന സാധ്യമാക്കുന്നതിന് പുസ്തകങ്ങൾ വായിച്ച് ശബ്ദ രൂപത്തിലാക്കി ഓഡിയോ പുസ്തകം ആക്കുന്ന പദ്ധതിയാണ് ഇത്. കാഴ്ച പരിമിതി വായനക്ക് ഒരു തടസ്സമാകരുതെന്ന് നിർബന്ധ ബുദ്ധിയാണ് റിവാഡ് ഫൗ ഷൻ ഈ ഒരു പ്രവർത്തനത്തിന് പ്രേരിപ്പിച്ചത്. നൂറോളം പുസ്തകങ്ങൾ ഇപ്പോൾ ഈ ഓഡിയോ ലൈബ്രറിയിൽ ലഭ്യമാണ്. തങ്ങളുടെ വിലപ്പെട്ട സമയം ഇതിനായി മാറ്റിവെച്ച് കാഴ്ച പരിമിതർക്ക് അക്ഷരവെളിച്ചം പകരാൻ വേണ്ടി ശബ്ദം ദാനം ചെയ്തു പ്രയത്നിച്ചു കൊണ്ടിരിക്കുന്ന നല്ലവരായ എല്ലാ സഹോദരി സഹോദരന്മാർക്കും അല്ലാഹു ഇഹത്തിലും പരത്തിലും അർഹമായ പ്രതിഫലം നൽകട്ടെ.

## 9. റിവാഡ് അക്കാദമി

ഭിന്നശേഷിയുള്ളവരെക്കുറിച്ചും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും ഭിന്നശേഷിയുള്ളവരും പൊതുസമൂഹവും നടത്തിവരുന്ന പഠനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് വേ പിന്തുണ നൽകുകയും ചെയ്യുന്ന ഒരു പദ്ധതിയാണിത് .ഇതുമായി ബന്ധപ്പെട്ട പ്രബന്ധങ്ങൾ, സെമിനാറുകൾ, ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിക്കുകയും ഇവ ഭിന്നശേഷി സമൂഹത്തിലേക്ക് എത്തിക്കുകയും അതുവഴി അവരെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

## 10. റിവാഡ് ഹെൽപ്പ് ഡെസ്ക്

ഭിന്നശേഷിക്കാർക്ക് വേണ്ടി സർക്കാർ അർദ്ധസർക്കാർ സ്വകാര്യമേഖലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെ കുറിച്ചും കൃത്യമായ വിവരങ്ങൾ യഥാസമയംനൽകി വരുന്നു. ഇതുമായി ബന്ധപ്പെട്ട എല്ലാവിധ സഹായവും നൽകുകയും ചെയ്യുന്ന ഒരു പദ്ധതിയാണിത്.

## 11. വെളിച്ചം അന്താരാഷ്ട്ര ഖുർആൻ പഠന പദ്ധതി

ഐഎസ്എമ്മിന്റെ കീഴിൽ നടത്തിവരുന്ന വെളിച്ചം അന്താരാഷ്ട്ര ഖുർആൻ പഠന പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതർക്ക് വെളിച്ചം പരീക്ഷ എഴുതുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തുവരുന്നു